**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 03.12.22 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

**സ്ഥലം: PMU ഓഫീസ്, തിരുവനന്തപുരം**
**സമയം: 10.30 am**
**പങ്കെടുത്തവർ: PMU ഉദ്യോഗസ്ഥർ നേരിട്ടും**
**RPMU,GPST ഉദ്യോഗസ്ഥർ ഓൺ ലൈനായും.**

KRWSA മുഖേന നടപ്പിലാക്കുന്ന 2022 – 23 വർഷത്തെ പദ്ധതികൾ പ്ലാൻ സ്പേസിൽ രേഖപ്പെടുത്തിയ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം ചെയ്തു.

**തീരുമാനങ്ങൾ**

1. **ജലനിധി പദ്ധതികളുടെ ഫൈനൽ ബിൽ സെറ്റിൽമെന്റ്**

- ജലനിധി 2–ാം ഘട്ടത്തിലുള്ളതും ഇനിയും കൊടുത്തു തീർക്കുവാനുള്ളതുമായ പെയ്മെന്റുകളുടെ പ്രൊസീഡിങ്സ് 2022 ഡിസംബർ 30 നു മുൻപ് മൂന്നു റിജിയണൽ യൂണിറ്റുകളിലെയും RPD മാർ സർട്ടിഫൈ ചെയ്ത് PMU വിൽ സമർപ്പിക്കണം.
- ബൾക്ക് വാട്ടർ സപ്ലൈ പദ്ധതി, മറ്റു പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള ഇനങ്ങളിൽ KRWSA യുടെ PMU തലത്തിൽ നിന്നും KWA, മറ്റു കൺസൾട്ടൻസികൾ ...etc എന്നിവർക്ക് ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിഖ തുക ഇനിയും നൽകുവാനുണ്ടെങ്കിൽ ആയത് പരിശോധിച്ചു പെയ്മെന്റ് ഡീറ്റെയിൽസ് ഡിസംബർ 30 നു മുൻപായി DFA i/c തെയ്യാറാക്കണം. ജലനിധി പദ്ധതിക്ക് വേണ്ടി അധിക തുക സർക്കാരിൽ നിന്നും അനുവദിക്കുന്ന അന്ന് തന്നെ മുഴുവൻ പേയ്മെന്റ് കുടിശ്ശിഖകളും നല്കാവുന്നതരത്തിൽ prepared ആവണം.
- ജലനിധി പദ്ധതി നടപ്പിലാക്കിയ ലക്കിടി-പേരൂർ, മൂന്നിയൂർ എന്നീ പഞ്ചായത്തുകളുടെ പഞ്ചായത്ത് തല എക്സിറ്റ് ഡിസംബർ 31 മുൻപായി മലപ്പുറം RPD പൂർത്തീകരിക്കണം.

2. **സുസ്ഥിരത പദ്ധതി**

2021 –22 വരെയുള്ള പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഏറ്റെടുത്തതും ഇനിയും പൂർത്തീകരിക്കുവാനുള്ളതുമായ സ്കീമുകളുടെ പ്രവൃത്തികൾ 2022 ഡിസംബർ മാസം 30 നുള്ളിൽ RPD മാർ പൂർത്തീകരിക്കണം. താഴെ പറയുന്ന പ്രവൃത്തികൾ ഉള്ള സ്കീമുകൾ 2023 ഫെബ്രുവരി 28 നുള്ളിലും പൂർത്തീകരിക്കണം.

- സ്രോതസുമായി ബന്ധപ്പെട്ട പ്രവൃത്തികൾ
- 2022 –23 ലെ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ കൂടി ചെയ്താൽ മാത്രം പ്രവർത്തന ക്ഷമമാക്കുവാൻ പറ്റുന്ന സ്കീമുകൾ
- വിവിധ കാരണങ്ങളാൽ വൈകി ആരംഭിച്ച പദ്ധതികൾ

ഇനിയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള സ്കീമുകളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.

3. **മഴവെള്ള സംഭരണി നിർമ്മാണം**

മുൻ വർഷങ്ങളിൽ ലക്ഷ്യമിട്ടിരുന്ന എണ്ണം മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തീകരിച്ചതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ സംതൃപ്തി അറിയിച്ചു. എന്നാൽ 22-23 പദ്ധതിയിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നാളിതുവരെ ആയിട്ടും മലപ്പുറം Rpmu പൂർത്തീകരിക്കാത്തതിൽ അനിഷ്ടം രേഖപ്പെടുത്തി.

4. **ഗാർഹിക കിണറുകളെ സുസ്ഥിര കുടിവെള്ള സ്രോതസുകളാക്കി മാറ്റുന്ന പദ്ധതി**
മുൻ വർഷങ്ങളിലും ഈ പ്രവൃത്തി RWH&GWR ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനു ശ്രമിച്ചുവെങ്കിലും ഉദ്ദേശിച്ച നിർവഹണ പുരോഗതി ഉണ്ടായിരുന്നില്ല. Pmu സാങ്കേതിക വിഭാഗം ഇതുമായി ബന്ധപ്പെട്ട് രണ്ട് ടൈപ്പ് ഡിസൈനുകളാണ് ഫീൽഡിൽ നൽകിയിരുന്നത്. ഇത് യാഥാർത്ഥ്യ ബോധത്തോടെ അല്ല ചെയ്തിട്ടുള്ളതെന്ന് ED വിമർശിക്കുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. പ്ലാൻ write up നുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട് പദ്ധതി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ (site specific) Rpmu വിൽ നിന്നും എസ്റ്റിമേറ്റ് തെയ്യാറാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് RPD മാരെ ചുമതലപ്പെടുത്തി.

5. **WQMS & Grey water management**
മേൽ പ്രവർത്തനങ്ങളിലും പുരോഗതിയില്ലാത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി അറിയിച്ചു.

- വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പൈപ്പ് ഫിൽറ്ററുകൾ , പ്രെഷർ സാൻഡ് ഫിൽറ്ററുകൾ എന്നിവയുടെ ടെണ്ടർ നടപടികൾ മുൻ നിശ്ചയ പ്രകാരം അടിയന്തിരമായി റീജിയണൽ യൂണിറ്റുകൾ പൂർത്തീകരിക്കണം. ഇക്കാര്യം ടെക്നിക്കൽ വിഭാഗം സീനിയർ എൻജിനീയർ ഫോളോഅപ്പ് ചെയ്യണം. നിലവിൽ സ്ഥാപിച്ചിട്ടുള്ള IRP കൾക്ക് ചില ന്യൂനതകൾ ഉള്ളതായി അറിയിച്ചതിനാൽ ഇക്കാര്യം കോർ കമ്മറ്റി യിൽ ചർച്ച ചെയ്ത് വ്യക്തമായ നിർദേശം ഡയറക്ടർ ടെക്നിക്കൽ RPMU കൾക്ക് നൽകേണ്ടതാണ്.

- ഗ്രേ വാട്ടർ ട്രീറ്റ്മെന്റിന് CSIR സൃഷ്ടിച്ചിട്ടുള്ള മാതൃകകൾക്ക് അവർക്ക് പേറ്റന്റ് ഉണ്ട്. KRWSA ക്ക് വേണ്ടി ഡിസൈൻ നൽകുവാൻ അവർ തെയ്യാറാണെങ്കിലും ആയതിനു കൺസൾട്ടൻസി ഫീസ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ RPMU വിലെ എൻജിനീയർമാർ നൽകിയ ഡിസൈൻ പരിശോധിച്ച് ഡയറക്ടർ ടെക്നിക്കൽ ആവശ്യമായ നിർദേശങ്ങൾ അടിയന്തിരമായി നൽകണം.

6. **Research & development**
വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഗവേഷണത്തിന്റെ പേരിൽ water quality mitigation measures സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ വൈകുന്നതിൽ ED കടുത്ത അതൃപ്തി രേഖപ്പെടുത്തി. ഏതെങ്കിലും കാരണവശാൽ ഗവേഷണ പ്രവർത്തനത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാതെ പോയാൽ പദ്ധതി നിർവഹണം വൈകും. അങ്ങനെ സംഭവിച്ചാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ബദൽ പദ്ധതിയും ടെക്നിക്കൽ വിഭാഗം പ്ലാൻ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നിലവിൽ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലം നേരിട്ട് ബാധിക്കാത്ത പൈപ്പ് ഫിൽറ്റർ, പ്രെഷർ സാൻഡ് ഫിൽറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളുമായി Rpmu വിന് മുന്നോട്ട് പോകാവുന്നതാണ്.

7. **IEC , capacity building & Jalasree club**
ടി പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന തുക മറ്റ് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള IEC ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിക്കാൻ കഴിയില്ലായെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. എന്നാൽ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയാണെങ്കിൽ ആയതിന്റെ ബിൽ തുക recoup ചെയ്തു നൽകുവാൻ കഴിയുമോ എന്ന option പ്രൊജെക്റ്റ് മാനേജ്മെന്റ് യൂണിറ്റ് പരിശോധിക്കണം . ആയതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും IEC വിഭാഗം പൂർത്തീകരിക്കണം.

8. **ജല ജീവൻ മിഷൻ**

KRWSA മുഖേന 111765 FHTC കൾ നൽകുന്നതിനാണ് ഭരണാനുമതി ലഭിച്ചത്. ഇതുവരെ 20365 FHTC കൾ മാത്രമാണ് നൽകിയത്. ഇക്കാര്യത്തിൽ KRWSA യുടെ സ്ഥാനം ഏറ്റവും പിന്നിലാണ്. ഇക്കാര്യത്തിലുള്ള മെല്ലെ പോക്കിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അതൃപ്തി അറിയിച്ചു. എല്ലാ ആഴ്ചയിലും RPMU തലത്തിൽ jjm നു വേണ്ടി പ്രത്യേക അവലോകനം നടത്തുന്നതിന് DTi/c യെ ചുമതലപ്പെടുത്തി.

- 2022 –23 വർഷത്തെ പദ്ധതികളുടെ expenditure സംബന്ധിച്ച് RPMU തിരിച്ചുള്ള വിവരം ചുവടെ നൽകുന്നു

| RPMU | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവായ തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| കണ്ണൂർ | ജലനിധി ഫേസ് II | 125.00 ലക്ഷം | 125.00 ലക്ഷം | 17.70 |
| മലപ്പുറം | | | | 75.84 |
| ഇടുക്കി | | | | 0.42 |
| പി.എം.യു | | | | 27.70 |
| ആകെ | | | | **121.66** |

| RPMU | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ ) | ലഭിച്ച തുക | ചെലവായ തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| കണ്ണൂർ | ജലനിധി സുസ്ഥിരത പദ്ധതി | 100.00 | 1991.82 ലക്ഷം | 132.24 |
| മലപ്പുറം | | 100.00 | | 144.34 |
| ഇടുക്കി | | 100.00 | | 435.93 |
| പി.എം.യു | | | | 158.99 |
| | | | ആകെ | **871.50** |

| RPMU | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവായ തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| കണ്ണൂർ | മഴവെള്ള സംഭരണം ഭൂജല പരിപോഷണം | 100.00 ലക്ഷം | തുക ലഭ്യമായിട്ടില്ല- | 0 |
| മലപ്പുറം | | | | 0 |
| ഇടുക്കി | | | | 0 |
| പി.എം.യു | | | | *31.70 |
| | | | ആകെ | **31.70** |

*31/03/2022 ലെ ബാലൻസ് തുകയും ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ചെലവഴിച്ചത്

Abstract.

| പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ ) | ലഭിച്ച തുക (ലക്ഷത്തിൽ | ആകെ ചെലവായ തുക (ലക്ഷത്തിൽ ) |
|---|---|---|---|

| | | ) | |
|---|---|---|---|
| ജലനിധി ഫേസ് II | 125.00 | 125.00 | 121.66 |
| ജലനിധി സുസ്ഥിരത പദ്ധതി | 3000.00 | 1991.82 | 871.50 |
| മഴവെള്ള സംഭരണം ഭൂജല പരിപോഷണം | 1000.00 | Nil | *31.70 |
| ആകെ | **4125.00** | **2116.82** | **1024.86** |

- 2022 –23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള എല്ലാ പദ്ധതികളുടെയും പൂർത്തീകരണത്തിനു വേണ്ടി ഈ യോഗം തെയ്യാറാക്കിയതിൻ പ്രകാരമുള്ള ഫോർമാറ്റിൽ വിശദമായ Action plan അതാത് RPMU കൾ തെയ്യാറാക്കണം. ആയത് ഈ മിനിട്സിനൊപ്പം ഉള്ളടക്കം ചെയ്യണം. ആയതു M&E വിഭാഗം ജലനിധി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും തുടർച്ചയായി അവലോകനം ചെയ്യുകയും updation വരുത്തുകയും വേണം.
- കരാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാരുടെ മത്സര പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് വേണ്ടി പ്രചാരണം നടത്തുകയും പ്രീ ബിഡ് മീറ്റിംഗുകൾ RPMU തലത്തിൽ നടത്തുകയും വേണം.
- വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള മഴവെള്ള സംഭരണി നിർമ്മാണം , ഗാർഹിക കിണറുകളെ സുസ്ഥിര കുടിവെള്ള സ്രോതസുകളാക്കി മാറ്റുന്ന പദ്ധതി എന്നിവയുടെ ഗുണഭോക്തൃ ലിസ്റ്റ് മലപ്പുറം RPMU ഇതുവരെ പൂർത്തീകരിക്കാത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി രേഖപ്പെടുത്തി . ടി ലിസ്റ്റ് 2022 ഡിസംബർ 15 നുള്ളിൽ പൂർത്തീകരിക്കണം.

E **<u>) FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന</u>**

നിലവിലെ പുരോഗതി DD(WC) റിപ്പോർട്ട് ചെയ്തത് ചുവടെ ചേർക്കുന്നു.

| | 03.12.22 |
|---|---|
| ലക്ഷ്യം | 538914 |
| പരിശോധിച്ചത് | 311280 |
| WQMIS യിൽ അപ്‌ലോഡ് ചെയ്തത് | 273742 |

- മലപ്പുറം ആർ.പി.എം.യു വിലേക്ക് 2250 കിറ്റ് നൽകിയതിൽ 826 കിറ്റുകൾ ഇനിയും വിതരണം ചെയ്തിട്ടില്ലെന്ന് DD(WC) അറിയിച്ചു . FTK കിറ്റുകളുടെ കാലാവധി 2023 മാർച്ച് മാസത്തിനുള്ളിൽ തീരുന്നതാണ്. ആയതിനാൽ FTK കിറ്റുകൾ ഉടനടി പഞ്ചായത്തുകളിൽ വിതരണം നടത്തി ടെസ്റ്റുകൾ പൂർത്തീകരിച്ച് 2023 ഫെബ്രുവരി 28 ന് മുൻപായി റിസൾട്ട് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച മൂലം സർക്കാരിന് ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക് മലപ്പുറം RPD ക്ക് മാത്രമായിരിക്കും ഉത്തരവാദിത്വം. ആയതു DD(WC) ഫോളോ അപ് ചെയ്യണം.

- FTK ടെസ്റ്റ് റിസൾട്ടുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള തടസം SRI ഡയറക്ടറുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

F) മറ്റു തീരുമാനങ്ങൾ

| നം. | പദ്ധതി | നിർദ്ദേശങ്ങളും തീരുമാനങ്ങളും | ഉത്തരവാദിത്തം | സമയ പരിധി |
|---|---|---|---|---|
| 1 | ആനുവൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്/ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്/ AG ഓഡിറ്റ് സംബന്ധിച്ച് | ആനുവൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്,സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചു. KRWSA യുടെ ബൈലോ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ടുകൾ സർക്കാരിലേക്ക് സമർപ്പിക്കണം. | DFA i/c | 31-12-2022 |
| 2 | 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾ | 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള റിക്വസ്റ്റ് സർക്കാരിലേക്ക് സമർപ്പിച്ചു. സുസ്ഥിരത പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കുന്നതിനുള്ള Followup ചെയ്യേണ്ടതാണ്. | DFA i/c | Continuous |
| 3 | ഡിജിറ്റൽ ഗവേർണൻസ് | Phase-II വിൽ ഉൾപ്പെടുത്തി E-ഓഫീസ് സംവിധാനം അപ്ഡേറ്റ് ചെയ്യുമെന്ന് ഉറപ്പ് ലഭിച്ചതായി DBSA റിപ്പോർട്ട് ചെയ്തു. Followup ചെയ്യുന്നതിന് DBSA ക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി. | DBSA | Continuous |
| | | PRICE- 3 ഡിസംബറിൽ മുൻഗണന ക്രമത്തിൽ പരിഗണിക്കാമെന്ന് NIC അറിയിച്ചു. Followup ചെയ്യുന്നതിന് DT i/c ക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി. | DT i/c | Continuous |
| 4 | KRWSA ഫയലുകളുടെ Follow-up | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 8 ഫയലുകളാണ് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്. ആയതു follow up ചെയ്യണം ലിസ്റ്റ് അനുബന്ധമായി ഉൾപ്പെടുത്തുന്നു. | DFA(i/c), Secretaryto ED | Continuous |
| 5 | PMS JALANIDHI എന്ന പുതിയ സോഫ്റ്റ്‌വെയർ സംബന്ധിച്ച് | PMS ജലനിധി platform ലേക്കുള്ള ഡാറ്റ .എൻട്രി പ്രോഗ്രസ് ചുവടെ ചേർക്കുന്നു<br>Idukki- 72.8<br>Malappuram- 73,2<br>Kannur - 65.7<br><br>**Sub project Data entry progress**<br>Idukki- 73.8<br>Malappuram- 73.6<br>Kannur - 68.8<br>RPMU തലത്തിലും ഈ കാര്യം അവലോകനം ചെയ്ത് പുരോഗതി | RPD / D(M&E) i/c | Continuous |

| | | | | |
|---|---|---|---|---|
| | | അപ്ഡേറ്റ് ചെയ്യാത്ത ഉദ്യോഗസ്ഥർക്ക് എതിരെ RPD നടപടി സ്വീകരിക്കേണ്ടതാണ്. | | |

അവലോകന യോഗം 1.30pm ന് അവസാനിച്ചു.

EXECUTIVE DIRECTOR

Approved by Executive Director

Issued by Director (Operations)i/c